# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/പി.റ്റി,എ/P5/459/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/പി.റ്റി,എ/P5/459/2022 തീയ്യതി: 11/05/2022

## പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ .എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ((ഹ.ഗ്രേ)

2. ശ്രീമതി. ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ശ്രീമതി. ദീപ.കെ.എസ് ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കല അജിത്ത് | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ഭരണനിർവഹണസമിതി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീ. ജോർജ്ജ് തോമസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സുരേഷ് കുമാർ .ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കൃഷ്ണ കുമാർ സി.എസ് | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ജിനു ജി. തോമസ് | മെഡിക്കൽ ഓഫീസർ PHC | 01-04-2020 | 31-03-2021 |
| ഡോ. ഷേർലി ചെറിയാൻ | വെറ്റിനറി സർജൻ | 01-04-2020 | 16-08-2020 |
| ഡോ.ബിനി വി.ആർ | വെറ്റിനറി സർജൻ | 17-08-2020 | 31-03-2021 |
| ഡോ. നിഷാ എൽ. ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സംഗീതാ വി.സി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ ഗണേശ് കുമാർ.പി | കൃഷി ഓഫീസർ(in Charge) | 01-04-2020 | 31-05-2020 |
| ശ്രീമതി. ജാനറ്റ് ഡാനിയൽ | കൃഷി ഓഫീസർ(in Charge) | 01-06-2020 | 15-09-2020 |
| ശ്രീ. സുനിൽകുമാർ.ആർ | കൃഷി ഓഫീസർ(in Charge) | 15-09-2020 | 09-11-2020 |
| ശ്രീമതി. ചന്ദ്രലേഖ .സി.എസ് | കൃഷി ഓഫീസർ(in Charge) | 09-11-2020 | 30-11-2020 |
| ശ്രീമതി ആതിര | കൃഷി ഓഫീസർ | 30-11-2020 | 31-03-2021 |
| ശ്രീമതി സംഗീത പദ്മരാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷംന ഐ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രസന്നകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത എം.ആർ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -I | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ രതീഷ് ഡി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -II | 01-04-2020 | 31-03-2021 |
| ശ്രീമതി സുനിത ബീഗം | ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 20-12-2020 |
| ശ്രീമതി അനുമോൾ ആർ. | ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 21-12-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 29-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 11-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: K S Deepa (Auditor, On 29-04-2022)<br>Last Updated By: Joe M James (Computer Assistant, On 11-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Snigdha S (Deputy Director, On 13-05-2022) | 1-10 |
| 11 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-11 |
| 12 | ട്രേഡ് ലൈസൻസ് പിരിവ് കാര്യക്ഷമമല്ല<br>Written By: K S Deepa (Auditor, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 11-05-2022) | 1-12 |
| 13 | ദുരിതാശ്വാസനിധിയുണ്ടെങ്കിലും സഹായം നൽകുന്നില്ല<br>Written By: K S Deepa (Auditor, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-13 |
| 14 | ഇ- ടെണ്ടർ ഫീസ് - 1.29 ലക്ഷം രൂപ തിരികെ ലഭിച്ചില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-14 |
| 15 | മാതൃകാ അംഗൻവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ -തുടർപരിപാലനം, മോണിറ്ററിംഗ് എന്നിവയുടെ അഭാവം<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-15 |
| 16 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- വായ്പതുകയിലും അധികമായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു<br>Written By: Deepa S (Asst. Audit Officer, On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-16 |

| | | |
|---|---|---|
| 17 | ആസ്തികളുടെ പരിപാലനം - നടപടികൾ തൃപ്തികരം- രജിസ്റ്റർ കാലികമാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-17 |
| 18 | അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ അംഗൻവാടികൾ<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-18 |
| 19 | കിണർ റീചാർജിംഗ് - പദ്ധതികൾ ഏറ്റെടുക്കുന്നില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-19 |
| 20 | അഗതിരഹിതകേരളം - ലഭിച്ച വികസനഫണ്ട് ചെലവഴിക്കുന്നില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-20 |
| 21 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-21 |
| 22 | ഗുണഭോക്താക്കളുടെ അഭാവം- പദ്ധതിച്ചെലവ് കുറയുന്നു<br>Written By: Deepa S (Asst. Audit Officer, On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 11-05-2022) | 1-22 |
| 23 | ഹരിതകർമ്മസേനയുടെ പ്രവർത്തനം നിർജ്ജീവം<br>Written By: Deepa S (Asst. Audit Officer, On 01-05-2022)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 01-05-2022) | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-24 |
| 25 | അനർഹമായി കൈപ്പറ്റിയ ക്ഷേമപെൻഷൻ തിരികെ ഈടാക്കിയത് അഭിനന്ദനാർഹം<br>Written By: Deepa S (Asst. Audit Officer, On 01-05-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-25 |
| 26 | തുക ഒടുക്കി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: K S Deepa (Auditor, On 30-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 03-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 03-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 28-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 28-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 28-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 28-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 28-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 28-04-2022) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 28-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Deepa S (Asst. Audit Officer, On 28-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Deepa S (Asst. Audit Officer, On 29-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 29-04-2022)<br>Last Updated By: Snigdha S (Deputy Director, On 11-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 28-04-2022)<br>Last Updated By: Joe M James (Computer Assistant, On 10-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2020-21സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 23.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 18.02.2021 ൽ അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

2020-21 സാമ്പത്തികവർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഷെഡ്യൂൾ B4- Grant & Contributions For Specefic Purpose -:NREGA, Literacy Scheme എന്നിവ ഒഴികെയുള്ളവയുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

2) ഷെഡ്യൂൾ B7-Deposits Received- നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെടുത്തിയില്ല

3) ഷെഡ്യൂൾ B18- Deposit With PWD- നീക്കിയിരിപ്പ് തുകയിൽ 2014-15 ലെ പ്രോജക്റ്റിന് ചെലവഴിച്ച തുകയായ 140800/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം വാങ്ങി ആയത് ക്രമീകരിക്കേണ്ടതാണ്.

4) ഷെഡ്യൂൾ 1-1, RP-43, B15- വസ്തുനികുതി വരവുചെലവുകണക്കുകൾ സഞ്ചയ സോഫ്റ്റവെയറുമായി പൊരുത്തപ്പെടുന്നില്ല

5) തൊഴിലുറപ്പ പദ്ധതിയുടെ വരവുചെലവുകണക്കുകൾ വാർഷികധനകാര്യപത്രികയിലെ (1-6) ഷെഡ്യൂൾ തുകയുമായി പൊരുത്തപ്പെടുന്നില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11604474 |
| വരവ് | 68099056 |
| ആകെ | 79703530 |
| ചെലവ് | 70141334 |
| നീക്കിയരിപ്പ് | 9562196 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0- | 11401875 | 11401875 | 10677382 | | 724493 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8755000 | 8755000 | 8360640 | | 394360 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6639102 | 6639102 | 4945572 | | 1693530 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-(tied) | 0 | 4440000 | 4440000 | 3145272 | | 1294728 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 13986000 | 13986000 | 13986000 | | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 3492000 | 3492000 | 2897046 | | 594954 |

കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് )

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് – | 0 | 20053757 | 20053757 | 19508289 | 545468 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

2020-21 സാമ്പത്തികവർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വികസനഫണ്ടിൽ നിന്ന്(ജനറൽ) ലൈഫ് മിഷൻ ലോണിന്റെ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 117020 രൂപയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ കുറവ് ചെയ്ത 919800 രൂപയും ഉൾപ്പെടെ ആകെ 1036820/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

2.വികസനഫണ്ടിൽ (എസ്.സി.പി) നിന്ന് ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 73294/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല

3. ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത 35319/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 230 | 88467052 | 198 | 54328692 | 32 | 61.41 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 86% പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 61.41% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ വരവ് ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് -അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 0 | 1264258 | 1264258 | 718790 | 545468 |
| എം.ജി.എൻ.ആർഇ..ജി.എസ് – തൊഴിലാളികളുടെ വേതനം | 0 | 14632499 | 14632499 | 14632499 | 0 |
| സാധനസാമഗ്രികളുടെ ചെലവ് | 0 | 4157000 | 4157000 | 4157000 | 0 |
| ആകെ | 0 | 20053757 | 20053757 | 19508289 | 545468 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1912 | 4923900 |
| വാർദ്ധക്യകാല പെൻഷൻ | 10976 | 27101500 |
| വിധവാ പെൻഷൻ | 3722 | 9404500 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 125 | 305200 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1276 | 3270300 |
| തൊഴിൽ രഹിത വേതനം | 3 | 1560 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.04.2022 3.40 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9187/-(ഒൻപതിനായിരത്തി ഒരുന്നൂറ്റി എൺപത്തി ഏഴ് രൂപ മാത്രം) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നികുതി, നികുതീതര വരുമാനത്തിന്റെ പിരിവ് തൃപ്തികരമാണ്.

രേഖകളുടെ സൂക്ഷിപ്പ്: ഫയലുകളും, രേഖകളും, ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്. പ്രധാന വരവിനങ്ങളുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും പുതുതായി സൃഷ്ടിയ്ക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. മറ്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ വസ്തുക്കൾ പേരിൽക്കൂട്ടി കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ നൽകിയിരുന്ന നിർദ്ദേശം പാലിയ്ക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകൾ കൈപ്പറ്റിക്കൊണ്ടിരുന്ന അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്നതിനും കൈപ്പറ്റിയ തുക അവരിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മീറ്ററിംഗ് പൂർത്തീകരിച്ചതിനാൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. പ്രവർത്തിക്കാത്ത കുടിവെള്ളടാപ്പുകളെ ഒഴിവാക്കി വെള്ളക്കരം കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2018 മുതൽ 25.06.2018 വരെ | 2013-14 മുതൽ 2017.18 വരെ | 27.07.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 10.11.2021 മുതൽ 15.11.2021വരെ | 01/2020 മുതൽ 03/2020 വരെ | 10.01.2022 |

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

കേരളാ പഞ്ചായത്ത് രാജ് നിയമം 204 -ാം വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ്, തൊഴിൽ, കല, ജോലി,ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ കരാർ എടുത്ത് ചെയ്യ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.സജി മാത്യു കുളങ്ങര, പ്രക്കാനം.

2 ജിജി വർഗീസ്, ചേമ്പാലേത്ത്, ഊന്നുകൽ.

3 വിനീത് കുമാർ സി.ജെ,ചെറുവള്ളിൽ ,മാത്തൂർ.

4. പി.കെ. സുനിൽകുമാർ, പാല നിൽക്കുന്നതിൽ ,മുട്ടത്തുകോണം.

5.മധുസൂദനൻ നായർ,തിരുവാതിര,പ്രക്കാനം.

6.സന്തോഷ് കുമാർ . എം.കെ, മേലേതിൽ, പ്രക്കാനം.

മേൽ സൂചിപ്പിച്ച കരാറുകാരിൽ ബാധകമായവരിൽനിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ടി കരാറുകാർ പ്രവൃത്തി ചെയ്തിട്ടുള്ള മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-12 ട്രേഡ് ലൈസൻസ് പിരിവ് കാര്യക്ഷമമല്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ്, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമ പഞ്ചായത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള 815 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 ൽ 233 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസിന്റെ പരിധിയിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും വരുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് എല്ലാ വർഷവും പുതിയ വ്യാപാരസ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും അതനുസരിച്ച് അവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

## 1-13 ദുരിതാശ്വാസനിധിയുണ്ടെങ്കിലും സഹായം നൽകുന്നില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടം3 പ്രകാരം പേമാരി , വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ 20-04-2020 ൽ രൂപീകൃതമായ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി 30,000/- രൂപ ലഭിച്ചിട്ടുണ്ട്. ദുരിതാശ്വാസനിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീതു നൽകേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം രസീത് നൽകാതെയാണ് സംഭാവനകൾ സ്വീകരിച്ചുവരുന്നത്. നിധിയെ സംബന്ധിച്ച വരവ്- ചെലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിൽ എഴുതേണ്ടതും സബ് കമ്മിറ്റി യോഗ നടപടികൾക്ക് ഒരു മിനിറ്റ്സ് പുസ്തകം സൂക്ഷിക്കേണ്ടതുമാണ്. ലഭിച്ച തുക ഉപയോഗിച്ച് യാതൊരു സഹായവും നൽകിയിട്ടില്ല എന്നത് ന്യൂനതയാണ്. ചട്ടം നിർദ്ദേശിക്കുന്ന രീതിയിലൂടെ നിധിയിലേക്ക് ധനസമാഹരണം നടത്തേണ്ടതും നിധി ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## 1-14 ഇ- ടെണ്ടർ ഫീസ് - 1.29 ലക്ഷം രൂപ തിരികെ ലഭിച്ചില്ല

2015-16 മുതൽ 2019-20 വരെ കാലയളവിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 129430 രൂപ നാളിതുവരെ തിരികെ ലഭിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ – ടെണ്ടർ ഫീ |
|---|---|---|
| 1 | 2015-16 | 40130 |
| 2 | 2016-17 | 3200 |
| 3 | 2017-18 | 16200 |
| 4 | 2018-19 | 42400 |
| 5 | 2019-20 | 27500 |
| ആകെ | | 129430 |

ടി തുക ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 2.10.2017 ലെ ജി.ഓ(എം.എസ്) 3186/ 2017/LSGD പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൌണ്ട് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 മാതൃകാ അംഗൻവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ -തുടർപരിപാലനം, മോണിറ്ററിംഗ് എന്നിവയുടെ അഭാവം

അംഗൻവാടികളെ മാതൃകാ അംഗൻവാടികൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി വിവിധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഓഡിറ്റ് വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികളുടെ തുടർനടത്തിപ്പിന് മോണിട്ടറിംഗ് ഉണ്ടായില്ല. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ, ഫണ്ടിനം | ഉപകരണങ്ങൾ വാങ്ങാൻ ചെലവഴിച്ച തുക | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|
| ശിശു മന്ദിരം, 43, 45 അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കി മാറ്റൽ<br>SO 149/21 | 203569 (വികസന ഫണ്ട്) | 203569 | ബിൽ നമ്പർ 14815/ 11.4.2020 204570 രൂപ |
| അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കി മാറ്റൽ (അംഗൻവാടി നമ്പർ 37,40,114)<br>SO 160/21 | 704152 (വികസന ഫണ്ട് 233972 CFC Grant 470180) | 701001 | ബിൽ നമ്പർ 19266/ 11.4.2020 229820 രൂപ<br>ബിൽ നമ്പർ 324322/ 11.4.2020 470180 രൂപ |

ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനായിരുന്നു പദ്ധതികൾ മുഖേന വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ആർട്ട്കോ, ചെങ്ങന്നൂരിൽ നിന്ന് വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആർട്ട്കോയുടെ ബില്ലിന്റെ വിവരം | വിതരണം ചെയ്ത അംഗൻവാടികളുടെ വിവരം | ഉപകരണങ്ങളുടെ വിവരം | |
|---|---|---|---|---|
| 1 | 265/ 11.2.2020 204570 രൂപ | 43, 45, ശിശു മന്ദിരം | Indoor Toy Bin | 1 |
| | | | Bisephenola (Flooring) | 14 Set |
| | | | 32 Inch TV | 1 |
| | | | Home Theater | 1 |
| | | | Child Activity Table | 3 |
| | | | Wooden | 1 |

| | | | | |
|---|---|---|---|---|
| | | | Multi Activity Cube | |
| | | | Book Shelf | 1 |
| | | | Multi Colour Stand | 1 |
| | | | Wooden Pen Holder | 1 |
| | | | Bisephanol Mat | 36 Set |
| 2 | | 37, 40, 114 | Alphabet Mat & Number Mat (Bisephanol) | 108 Set |
| | | | Outdoor Football Turf | 115 Set |
| | | | Multi Colour Four Steep Side | 3 |
| | | | Indoor Toy Bin | 3 |
| | | | Bisephanol Mat | 41 Set |
| | | | Baby Plastic Chair | 60 |
| | | | Child Activity Table | 9 |
| | | | Wooden Multi Activity Cube | 3 |
| | | | Wooden Pen Holder | 3 |
| | | | Game Table | 3 |
| | | | Digital Class Room TV | 3 |
| | | | Vegetable Garden | 3 |
| | | | Outdoor/ Indoor Composter | 9 |
| | | | Book Shelf- Multi Colour Stand | 3 |
| | | | Colourful Smooth Ride On | 3 |
| | | | Blue & Red Colour | 3 |

| | | |
|---|---|---|
| | Smooth Rocker | |
| | See Saw | 3 |
| | Child Friendly Fence | 3 |
| | Painting With Art Work | 3 |
| | Outdoor Play Home | 1 |
| | Two Seat See Saw | 1 |
| | Outdoor Landscape And Grass Planting | 525 |
| | Bamboo Sequestrates | 15 |
| | Chappel Stand | 3 |
| | Shape Swing With Seat | 3 |

മേൽസൂചിപ്പിച്ച ഉപകരണങ്ങൾ അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്ലേ ഗ്രൗണ്ടിൽ സ്ഥാപിച്ച കളിയുപകരണങ്ങൾ വെയിലും മഴയും ഏറ്റ് നശിക്കുന്നതായും അവയെ സംരക്ഷിക്കുന്നതിന് ഒരു മേൽക്കൂര സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നും 114 -ാം നമ്പർ അംഗൻവാടിയിലെ വർക്കർ ഓഡിറ്റിന് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. സ്ഥാപിക്കപ്പെട്ട കളിയുപകരണങ്ങൾ യഥാവിധി സംരക്ഷിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിക്കാത്തതിനാൽ അവ നശിച്ച് പോകുന്ന സ്ഥിതിയിലേക്ക് നീങ്ങുന്നു എന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. പദ്ധതിയുടെ തുടർനടത്തിപ്പ് നിരീക്ഷിക്കുന്നതിന് മോണിട്ടറിംഗ് സമിതി രൂപീകരിച്ച് ആവശ്യമായ മോണിട്ടറിംഗ് നടത്താഞ്ഞതാണ് ഈ ദുസ്ഥിതിയ്ക്ക് കാരണം എന്ന് വിലയിരുത്തുന്നു.

മാതൃകാ അംഗൻവാടികളിൽ സ്ഥാപിച്ച ഉപകരണങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണതലത്തിലുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-16 ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- വായ്പതുകയിലും അധികമായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

ലൈഫ് മിഷൻ പദ്ധതിയ്ക്കായി KUDRFC ൽ നിന്നും എടുത്തിട്ടുള്ള വായ്പയിലും അധികം തുക വികസനഫണ്ടിൽ നിന്നും സർക്കാർ കുറവു ചെയ്തിട്ടാണ് ഗ്രാമപഞ്ചായത്തിന് അലോട്ട്മെന്റ് നൽകിയത്. വികസനഫണ്ട് (എസ് സി പി ) വിഭാഗത്തിൽ വായ്പ എടുത്തിരുന്നില്ല എങ്കിലും എസ്.സി.പി ഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ 307999 രൂപയും എസ്.സി വിഭാഗത്തിൽ 337294 രൂപയും ഉൾപ്പെടെ 645293/-രൂപയാണ് ഇത്തരത്തിൽ കുറവ് ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വായ്പ തുക | സ്രോതസ്സിൽ കുറവ് ചെയ്തത് | | | |
|---|---|---|---|---|---|
| | | 2019-2020 | 2020-21 | 2021-22 | അധികമായി കുറവ് ചെയ്തത് |
| വികസനഫണ്ട് (ജനറൽ) | 440000 | 117646 | 117020 | 513333 | 307999 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 0 | 73294 | 264000 | 337294 |
| ആകെ | | 117646 | 190314 | 777333 | 645293 |

ഇപ്രകാരം വായ്പ എടുക്കാത്ത തുകയായ 645293 രൂപയാണ് സർക്കാർ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തത്. വിവിധ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് വേണ്ടി, സർക്കാർ കുറവ് ചെയ്ത ഫണ്ട് റീ അലോട്ട് ചെയ്ത് ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ആസ്തികളുടെ പരിപാലനം - നടപടികൾ തൃപ്തികരം- രജിസ്റ്റർ കാലികമാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ വസ്തുക്കൾ പേരിൽക്കൂട്ടി കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നൽകിയിരുന്ന നിർദ്ദേശം പാലിയ്ക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ആംഗൻവാടികളുടെ സ്വന്തമായുള്ള സ്ഥലം (നമ്പർ 31, 47, 44, 40, 39, 34) പേരിൽക്കൂട്ടി കരം ഒടുക്കിയിട്ടുണ്ട്. മഞ്ഞിനിക്കര പി.എച്ച്.സി, പഞ്ചായത്ത് ഓഫീസ് എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലവും പേരിൽക്കൂട്ടി കരം ഒടുക്കിയിട്ടുണ്ട്. ഊന്നുകൽ പബ്ലിക് മാർക്കറ്റ്, ശിശുമന്ദിരം നിൽക്കുന്ന സ്ഥലം, പ്രക്കാനം സ്റ്റേഡിയം എന്നിവയുടെ വസ്തുക്കളുടെ മുൻപ്രമാണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പേരിൽക്കൂട്ടുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. നടപടികൾ പൂർത്തീകരിച്ചശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം കാര്യക്ഷമമായ നടപടി സ്വീകരിക്കപ്പെട്ടത് അഭിനന്ദനാർഹമാണ്.

ഗ്രാമപ്പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ വർഷവും പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ അംഗൻവാടികൾ

ഗ്രാമപ്പഞ്ചായത്തിൽ 12 ആംഗൻവാടികൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ സൂചിപ്പിക്കുന്നു. 45, 114 എന്നീ അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം ഉണ്ടെങ്കിലും അതിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല. അടുത്തുള്ള സ്ഥലത്ത് നിന്നാണ് വൈദ്യുതി ലഭ്യമാക്കുന്നത്. 35,44,46, 47,48,49,114 എന്നീ അംഗൻവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. സമീപസ്ഥലങ്ങളിൽ നിന്നുമാണ് പ്രസ്തുത അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നത്. 33, 37, 38, 39, 42, 44, 46, 107എന്നീ അംഗൻവാടികൾക്ക് ചുറ്റുമതിൽ ഇല്ല. 41, 46 എന്നീ അംഗൻവാടികൾക്ക് ടോയിലറ്റ് സൗകര്യമില്ല. 42, 43, 45, ശിശുമന്ദിരം എന്നീ അംഗൻവാടികൾക്ക് മാത്രമാണ് ശിശുസൗഹൃദ ടോയിലറ്റ് ഉള്ളത്. 31, 39, 47, 49 എന്നീ അംഗൻവാടികൾക്ക് സ്വന്തം സ്ഥലം ഉണ്ടെങ്കിലും അവയ്ക്ക് ഇതേവരെ കെട്ടിടം പണിഞ്ഞ് നൽകിയിട്ടില്ല എന്ന ദുരവസ്ഥ നിലനിൽക്കുന്നു.

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് പരാജയപ്പെട്ടതായി വിലയിരുത്തുന്നു. ജില്ലാപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും മതിയായ ഫണ്ട് ലഭ്യമാക്കി മേൽസൂചിപ്പിച്ച അംഗൻവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സംയുക്ത പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്. പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 കിണർ റീചാർജിംഗ് - പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീചാർജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ് എന്ന് പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. റീചാർജ് ആവശ്യമുള്ള കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ കണ്ടെത്തേണ്ടതാണ് എന്നും ഇപ്രകാരം റീചാർജിംഗിന് ആവശ്യമായ സാധനസാമഗ്രികളുടെ അളവ് തൊഴിലുറപ്പ് പദ്ധതിയുടെ അസിസ്റ്റന്റ് എഞ്ചിനീയർ കൃത്യമായി നിർണ്ണയിക്കേണ്ടതും ടെണ്ടർ നടപടികളിലൂടെ സെക്രട്ടറി അവ വാങ്ങി പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തശേഷം പ്രവൃത്തി ചെയ്യുന്നതിന് അതാത് സ്ഥലങ്ങളിൽ എത്തിക്കേണ്ടതുമാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിണറുകൾ ജലസമൃദ്ധി ഉള്ളതാക്കുന്നതിന് ഉതകുന്ന റീചാർജിംഗ് പ്രവൃത്തികൾ ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിൽ ഏറ്റെടുത്തിട്ടില്ല എന്നത് ന്യൂനതയാണ്.

കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപ്പഞ്ചായത്തിന് ഏറ്റവും അത്യാവശ്യമായ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സജീവമായ ഇടപെടൽ നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 അഗതിരഹിതകേരളം - ലഭിച്ച വികസനഫണ്ട് ചെലവഴിക്കുന്നില്ല

ആശ്രയ പദ്ധതിക്കായി 2013-14 മുതൽ 2018-19 വരെ കാലയളവിലും അഗതിരഹിത കേരളം പദ്ധതിയ്ക്കായി 2019-20

മുതൽ 2021-2022 വരെ കാലയളവിലും വികസന ഫണ്ടിനത്തിൽ ലഭിച്ച 13.5 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചില്ല. ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വരവ് | ചെലവ് |
|---|---|---|---|
| 1 | 2013-14 | 10000 | ഇല്ല |
| 2 | 2014-15 | 50000 | |
| 3 | 2015-16 | 50000 | |
| 4 | 2016-17 | 200000 | |
| 5 | 2017-18 | 200000 | |
| 6 | 2018-19 | 300000 | |
| 7 | 2019-20 | 340280 | |
| 8 | 2020-21 | 100000 | |
| 9 | 2021-22 | 100000 | |
| ആകെ | | 1350280 | |

ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ഭക്ഷണ വിതരണം മാത്രമാണ് നടത്തിവരുന്നത്. പദ്ധതിക്കായുള്ള അക്കൗണ്ടിൽ ചലഞ്ച് ഫണ്ട്, വികസന ഫണ്ട് എന്നീയിനങ്ങളിൽ ലഭിച്ച തുകയിൽ മുന്നിരിപ്പ് ഉൾപ്പെടെ യഥാക്രമം 232093 രൂപയും 1595780 രൂപയും അവശേഷിക്കുന്നുണ്ട്. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്കായുള്ള ഭവന നിർമ്മാണം, വീട് മെയിന്റനൻസ് തുടങ്ങിയവയ്ക്ക് അവരെ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി വരുന്നതിനാലാണ് ആശ്രയ പദ്ധതിക്ക് ലഭിച്ച വികസന ഫണ്ട് ചെലവഴിക്കാനാകാഞ്ഞത് എന്ന് വിശദീകരണം ലഭിച്ചു. അപാകം സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പ് വർഷം മുതൽ ടി അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് വിനിയോഗിക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് വികസനഫണ്ട് വിനിയോഗിച്ച് നിക്ഷേപ പദ്ധതികൾക്ക് വിവിധ ഏജൻസികളിൽ തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ നം./ചെക്ക് നം., തീ. | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 12/2020-21 Dtd 01.12.2020 | 3017000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 1)20/20-21dtd25.02.2021<br>2)22/2021dtd12.03.21<br>3)24/20-21dtd21.03.2021 | 411964 |
| ആകെ | | | 3428964 |

പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല .പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-22 ഗുണഭോക്താക്കളുടെ അഭാവം- പദ്ധതിച്ചെലവ് കുറയുന്നു

2020-21 സാമ്പത്തികവർഷം ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്ട് (159/2021) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം (159/2021 Spill Over) | 924825 | 160560 | 17 |

വനിതകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുതകുന്ന പ്രോജക്ടുകളാവണം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് പതിമൂന്നാം പദ്ധതിനിർവ്വഹണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ

നിഷ്കർഷിക്കുന്നു. പുരുഷന്മാർക്കും വനിതകൾക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാൽ ഇതിനു വിരുദ്ധമായ ഇനത്തിലുള്ള പദ്ധതിയാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ എല്ലാ വനിതാ ക്ഷീരകർഷകർക്കു ധനസഹായം നൽകിയെങ്കിലും വകയിരുത്തിയതിൽ 17% മാത്രമാണ് ചെലവഴിക്കാനായത്. ആസൂത്രണത്തിലെ അപാകം ശ്രദ്ധയിൽപ്പെടുത്തുന്നു. ഉത്പാദനമേഖലയിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾ എല്ലാ വിഭാഗം ഗുണഭോക്താക്കളേയും ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഹരിതകർമ്മസേനയുടെ പ്രവർത്തനം നിർജ്ജീവം

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലവിൽ നിർജീവാവസ്ഥയിൽ ആണ്. വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് മാസങ്ങളായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിറഞ്ഞ അവസ്ഥയിലാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരളാ കമ്പനിയ്ക്ക് കൈമാറാത്തതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ച മട്ടാണ്. എല്ലാ വാർഡുകളിലും ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യുന്നില്ല. ഇപ്രകാരം പൂർണ്ണമായ തോതിൽ പ്രവർത്തനം നടത്താത്തതിനാൽ 2021-22 ൽ വയബിലിറ്റി ഗ്യാപ് ഫണ്ട് സേനാംഗങ്ങൾക്ക് നൽകിയിട്ടില്ല. വാർഡുകളിൽ ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് എം.സി.എഫിലേക്ക് എത്തിക്കുന്നതിന് വാഹനത്തിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്താത്തത് പ്രതികൂല ഘടകമാണ്.

ഈ വിഷയം സംബന്ധിച്ച് ഭരണതലത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-24 മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല

കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2113 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിശ്ചിത മാതൃകയിലുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. പണി തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ആണ് ഫയലിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ഒരു മരാമത്ത് പ്രവൃത്തിയ്ക്കും ഇപ്രകാരം മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് കൂടി ഓരോ പ്രവൃത്തിയുടെയും ഭാഗമായി സ്ഥാപിക്കേണ്ടതാണ് എന്ന് 21.6.2018 ൽ ഇ20/ 6699/ സി.ഇ/തസ്വഭവ ആയുള്ള സർക്കുലറിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. നടപ്പ് വർഷം മുതൽ അപാകങ്ങൾ പരിഹരിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അനർഹമായി കൈപ്പറ്റിയ ക്ഷേമപെൻഷൻ തിരികെ ഈടാക്കിയത് അഭിനന്ദനാർഹം

ധനകാര്യ വകുപ്പിന്റെ 23.01.2020 ലെ സർക്കുലർ നമ്പർ 7/2020/ധന പ്രകാരം സർവീസ് പെൻഷൻ കൈപ്പറ്റുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നതായും അവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദു ചെയ്ത് തിരികെ ഈടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെന്നീർക്കര പഞ്ചായത്തിൽ നിന്നും ഇത്തരത്തിൽ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റിയ അഞ്ചു പേരുടെ പെൻഷൻ റദ്ദു ചെയ്തശേഷം അവർ അനർഹമായി കൈപ്പറ്റിയ തുക 168000/- രൂപ തിരികെ ഈടാക്കി 30.04.2021 ന മുൻപായി നിശ്ചിത അക്കൗണ്ടിലേക്ക് അടവാക്കിയത് അഭിനന്ദാർഹമാണ്.

ഈടാക്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു..

| ക്രമനമ്പർ | പേരും മേൽവിലാസവും | പെൻഷൻ ഐഡി | ഈടാക്കിയ തുക | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1 | സരോജിനി. വി, മുട്ടുകുട്ടുകയിൽ വീട്,പ്രക്കാനം | 103910200393 | 8400 | IBKL 210403508703/05.04.2021 |
| 2 | സരസ്വതിയമ്മ,പൗവ്വത്തേത്തു മണ്ണിൽ,മാത്തൂർ | 103910200941 | 7300 | IBKL 210403508703/05.04.2021 |
| 3 | മേരി വർഗ്ഗീസ്,ചക്കിഴേത്ത് പുതുപ്പറമ്പിൽ,മാത്തൂർ | 103910201232 | 52100 | IBKL 210403508703/05.04.2021 |
| 4 | ഏലിയാമ്മ, വിരുത്തിവിള തെക്കേതിൽ,പ്രക്കാനം | 103910201523 | 51100 | IBKL 210403508703/05.04.2021 |
| 5 | സൂസമ്മ ജോൺ,ബിജുഭവൻ,ഊന്നുകൽ | 103910201632 | 49100 | U00000863879182/30.04.2021 |

| | | | | |
|---|---|---|---|---|
| ആകെ | | | 168000 | |

### 1-26 തുക ഒടുക്കി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ( എഫ്.എച്ച്.സി) നിർവ്വഹിച്ച താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ രണ്ടു പ്രോജക്ടുകളിലുമായി ആകെ 161546 രൂപയുടെ മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു. ലഭ്യമാക്കിയ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ /പേര് | ഒടുക്കിയ തുക/ ബിൽ നംപർ- തീയതി | പ്രൊഫോർമ ഇൻവോയ്സ് നംപർ/തീയതി | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 73/21 എഫ്.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ സാന്ത്വന പരിചരണം | 152/09.11.20 173263 രൂപ | PRF-2920/14.10.2020 | 28397 | 144866 |
| | 326/08.03.21 142790 രൂപ | PRF-5684/23.02.202126320 | 134555 | 8235 |
| 74/21 സാന്ത്വനപരിചരണം | 047/14.05.2020 300000 രൂപ | PRF-2933/14.10.2020 | 291555 | 8445 |

ആകെ - 161546/-

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | 74,സാന്ത്വന പരിചരണം | 150000 | 0 |
| Do | | 149996 | 168,സാന്ത്വന പരിചരണം(spill Over) | 149996 | 0 |

| | | | | | |
|---|---|---|---|---|---|
| Do | | 100000 | 28,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| Do | | 99861 | 30,അങ്കണവാടി പോഷഹാകാരം | 99861 | 0 |
| Do | | 350000 | 105,നെൽകൃഷി വികസനം | 350000 | 0 |
| Do | | 300000 | 63,പാലിന് സബ്സിഡി | 300000 | 0 |
| Do | | 75000 | 220,തരിശുഭൂമിയിൽ കിഴങ്ങുകൃഷി | 75000 | 0 |
| Do | | 175000 | 247,തരിശുഭൂമിയിൽ നെൽകൃഷി | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | 74,സാന്ത്വന പരിചരണം | 300000 | 0 |
| Do | | 300000 | 168,സാന്ത്വന പരിചരണം | 300000 | 0 |
| Do | | 200000 | 28,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| Do | | 170000 | 18,ലൈഫ് മിഷൻ (ജനറൽ) | 170000 | 0 |
| Do | | 870000 | 19,ലൈഫ് മിഷൻ (Scp) | 870000 | 0 |
| Do | | 81948 | 260,ടേക്ക് എ ബ്രേക്ക് | 81948 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ നം./ചെക്ക് നം., തീ. | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് | 12/2020-21 Dtd 01.12.2020 | 3017000 | 0 | 3017000 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ | | | | |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 1)20/20-21dtd25.02.2021 2)22/2021dtd12.03.21 3)24/20-21dtd21.03.2021 | 411964 | 0 | 411964 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(എം.എസ്.) നം. 68/18/ത.സ്വ.ഭ.വ. തീയതി 18.05.2018 | 440000 | 322354 | 190314 | | 132040 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25770 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 4061 | ശ്രീമതി സുനിത ബീഗം ഇ., ഡെയറി ഫാം ഇൻസ്ട്രക്ടർ | 120050101833/08.10.2020 |
| 2002-03 | 2-5 | 907 | കിരൺ സജീവ്,കാർത്തിക,മുട്ടത്തുകോണം | 120050102192/09.11.2020 |
| 2018-19 | 1-15 | 20802 | ശ്രീമതി സുനിത ബീഗം ഇ., ഡെയറി ഫാം ഇൻസ്ട്രക്ടർ | 120050102411/20.11.2020 |
| ആകെ | | 25770 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി കൃത്യമായി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം 6 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79703530 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70141334 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1147/07 തീയതി 30.06.2008/31.10.2008 | 6 | |
| 2002-03 (ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി.3/144/07 തീയതി 23.08.2007/09.08.2007 | 4 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/17/07 തീയതി 10.07.2007/12.11.2007 | 12 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/212/09 തീയതി 19.09.2009 | 4 | |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.11/213/09 തീയതി 19.09.2009 | 4 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 10 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 10 | |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.12..../13 തീയതി 30.11.2013 | 1 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി 30.11.2013/07.06.2014 | 1 | |
| 2012-13&2013-14 | എൽ.എഫ്.പി.റ്റി.എ.പി.5/972/14 തീയതി 20.01.2015 | 2 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609 /2016തീയതി 03.06.2016 | 6 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209/2016 തീയതി 05.11.2016 | 3 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി5/820/2017 തീയതി 22.07.2017 | 11 | |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി5/1534/2018 തീയതി 13.12.2018 | 5 | |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി5/917/19 തീയതി 03.12.2019 | 10 | |
| 2019-2020- | കെ.എസ്.എ.പി.റ്റി.എ.പി5/278/21 തീയതി 12.05.2021 | എല്ലാ ഖണ്ഡികകളും | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്